നമ്പർ :ഐസിഡിഎസ് ബി1/15052/21

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508
ഇ-മെയിൽ :directorate.wcd@kerala.gov.in
തിയതി : 11.01.2022

വനിത ശിശുവികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

വിഷയം : വ.ശി.വി.വ – സംയോജിത ശിശു വികസന പദ്ധതി - വിഭിന്ന ശേഷി കുട്ടികൾക്കായി സ്പെഷ്യൽ അങ്കണവാടി പദ്ധതി - തുടർ നടപടികൾ സ്വീകരിക്കുന്നത് -സംബന്ധിച്ച്.

സൂചന 1: സ.ഉ.(സാധാ) നം.335/2021/സാനീവ. തീയതി : 21/5/21.

2: ഈ കാര്യാലയത്തിലെ 12.10.2021, 08.11.2021, 06.12.2021 തിയ്യതികളിലെ ഇതേ നമ്പർ ഉത്തരവും

3: ഈ കാര്യാലയത്തിലെ 19.11.2021 ലെ ഇതേ നമ്പർ കത്ത്.

അങ്കണവാടികൾ വിഭിന്നശേഷി സൗഹൃദമാക്കുന്ന സ്പെഷ്യൽ അങ്കണവാടി പദ്ധതിക്ക് സൂചന (1) പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുള്ളതും സൂചന (2),(3) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും 84 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകിയിട്ടുള്ളതാണ്.

1. അപ്രകാരം ഭരണാനുമതിയും ഫണ്ടും അനുവദിച്ച് നൽകിയിട്ടുള്ള അങ്കണവാടികളുടെ നവീകരണ പ്രവർത്തികൾ 2022 ജനുവരി 31 നകം പൂർത്തീകരിക്കുന്നതിന് സൂചന (3) പ്രകാരം നിർദ്ദേശം നൽകിയിരുന്നു . ആയതിനാൽ LSGD യിലെ AE മാരിൽ നിന്നും എത്രയും വേഗം estimate വാങ്ങി ജനുവരി -31 നകം പൂർണ്ണമായും നിർമ്മാണപ്രവർത്തികൾ പൂർത്തീകരിക്കേണ്ടതും യൂ .സി ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ് . **സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായി അനുവദിച്ച തുക നടപ്പ് സാമ്പത്തിക വർഷം ചെലവഴിക്കാതെ സറണ്ടർ ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.**

2. നവീകരണ പ്രവർത്തികൾക്കായി നാളിതുവരെ (10.01.2022 വരെ) സ്വീകരിച്ചിട്ടുള്ള നടപടികൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പെർഫോർമയിൽ മടക്ക തപാലിൽ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ് .

വിശ്വസ്തതയോടെ,

**വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി**

<u>പെർഫോമ</u>

| സ്പെഷ്യൽ അങ്കണവാടി പദ്ധതി പ്രവർത്തന പുരോഗതി റിപ്പോർട്ട് | | | | |
|---|---|---|---|---|
| ജില്ല : | | | | |
| ക്രമ നം | പ്രോജക്ടിന്റെ പേര് | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | സെന്റർ നം | നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

പ്രോഗ്രാം ഓഫീസർ